(സി) രൂപീകരണശേഷം ആറുമാസം കഴിഞ്ഞ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാകുന്നത്. ഇപ്രകാരം ബാങ്ക് വായ്പ ലഭ്യമാകുന്നതിന് ബാങ്കുകൾ നടത്തുന്ന ഗ്രേഡിംഗിൽ 80% മാർക്ക് വാങ്ങി അയൽക്കൂട്ടം ഗ്രേഡിംഗ് പാസാകണം. ഗ്രേഡിംഗ് പാസാകുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ ആകെ സമ്പാദ്യത്തിന്റെ നാലിരട്ടിവരെ ബാങ്ക് വായ്പ ലഭ്യമാകും. ആയതിനാൽ, ബാങ്ക് വായ്പയ്ക്ക് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല.

കുടുംബശ്രീയുടെതന്നെ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന മൈക്രോ സംരംഭയൂണിറ്റുകൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും (ജെ.എൽ.ജി.) ഗ്രൂപ്പുകളുടെ ആവശ്യത്തിന് അനുസരിച്ചും അവർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നത്.

(ഡി) കുടുംബശ്രീ യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന ബാങ്ക് വായ്പ വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടില്ല.

വീ-കെയർ പദ്ധതിയുടെ നടത്തിപ്പ്

216 (7515) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീ-കെയർ പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തത് ; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും ?

ഉത്തരം

വീ-കെയർ പദ്ധതിയിലൂടെ ധനസമാഹരണം നടത്തുന്നതിന് ധനസമാഹരണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് ദേശീയ തലത്തിൽ Expression of Interest ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളിൽ നൽകിയിട്ടുണ്ട്. ടെൻഡറിംഗ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

വീ-കെയർ വോളന്റിയർ കോർ

217 (7516) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീ-കെയർ വോളന്റിയർ കോർ-ന്റെ ആദ്യഘട്ടമായി 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിവരിക്കാമോ ;

(ബി) ഒന്നാംഘട്ടം നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly